പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5937 4/11/2016-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക പുനർവിന്യാസം

**ചോദ്യം**

ശ്രീ. എം. വിൻസെന്റ്

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) 2015-16-ലെ ഫിക്സേഷനിൽ എൽ.പി.എസ്.എ/ യു.പി.എസ്.എ/എച്ച്.എസ്.എ മേഖലയിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ എത്ര പേർക്ക് തസ്തിക നഷ്ടപ്പെട്ടു; ഇപ്രകാരം തസ്തിക നഷ്ടപ്പെട്ട എത്ര പേർക്ക് പുനർവിന്യാസത്തിലൂടെ നിയമനം നൽകി; പുനർവിന്യാസിക്കപ്പെട്ട അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞ് വച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(എ) 3674 അദ്ധ്യാപകർക്കാണ് തസ്തിക നഷ്ടമായിട്ടുള്ളത്. പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇവരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് ശമ്പളം നൽകണമെന്ന് 29/1/2016-ലെ ജി.ഒ (പി) നം.29/2016/പൊവിവ എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് 31/816-ലെ സ.ഉ (പി) നം. 148/16/പൊവിവ പ്രകാരമാണ് ശമ്പളം നൽകിവരുന്നത്. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പുനർവിന്യാസ പ്രവർത്തനങ്ങൾ ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പുനർവിന്യാസം നൽകുവാനുള്ളതും മാതൃസ്കൂളിൽ പതിനഞ്ച് വർഷത്തിലധികമായി ജോലി ചെയ്തുവരുന്നതുമായ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ഉണ്ടെങ്കിലും ശമ്പളം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് ശമ്പളം നൽകണമെന്ന് 29/1/2016-ലെ ജി.ഒ (പി) നം.29/2016/പൊവിവ എന്ന ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുനർവിന്യാസ പ്രക്രിയ തത്ക്കാലം നിർത്തിവയ്ക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശമുള്ളതിനാൽ മുഴുവൻ പേരെയും പുനർവിന്യസിക്കാൻ കഴിഞ്ഞിട്ടില്ല. ബഹു.ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്കനുസരിച്ച് പുനർവിന്യാസ പ്രക്രിയ പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ